എട്ട് പേർക്ക് ഷിഗെല്ല, 31 പേർക്ക് ഡെങ്കിപ്പനി; ആരോഗ്യവകുപ്പ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കി

കോഴിക്കോട്: കോഴിക്കോട് ജില്ലയിൽ ഇന്നലെ എട്ട് പേർക്ക് ഷിഗെല്ലയും 31 പേർക്ക് ഡെങ്കിപ്പനിയും സ്ഥിരീകരിച്ചു. മേലടിയിലും തിരുവങ്ങൂരും രണ്ട് പേർക്ക് വീതവും പയ്യോളി, തിരുവമ്പാടി, വെസ്റ്റ്ഹിൽ, കല്ലാച്ചി എന്നിവിടങ്ങളിൽ ഓരോന്ന് വീതവുമാണ് ഷിഗെല്ല രോഗം ഇന്നലെ റിപ്പോർട്ട് ചെയ്തത്. ഒളവണ്ണയിൽ 25 പേർക്കും കായക്കൊടി, വേളം, കുറ്റ്യാടി, ചെക്യാട്, പെരുമണ്ണ, ചുഴലൂർ എന്നിവിടങ്ങളിൽ ഓരോരുത്തർക്കുമാണ് ഡെങ്കിപ്പനി സ്ഥിരീകരിച്ചത്. പനി ബാധിച്ച് 1126 പേരാണ് ഇന്നലെ വിവിധ സർക്കാർ ആശുപത്രികളിൽ ജില്ലയിൽ ചികിത്സ തേടിയത്. പത്ത് പേർ ജില്ലയിലെ ആശുപത്രികളിൽ ചികിത്സയിലാണ്.

ജില്ലയിൽ ഷിഗെല്ല, ഡെങ്കിപ്പനി തുടങ്ങിയ പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്യുന്ന പശ്ചാത്തലത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതതമാക്കിയതായി ആരോഗ്യവകുപ്പ് അധികൃതർ അറിയിച്ചു. ആരോഗ്യപ്രവർത്തകരുടെ നേതൃത്വത്തിൽ ജൂൺ 22ന് 11,006 വീടുകൾ സന്ദർശിച്ച് ബോധവൽകരണം നടത്തുകയും പ്രതിരോധ നടപടികൾ ഉറപ്പാക്കുകയും ചെയ്തു.

ജലജന്യ രോഗങ്ങൾ തടയുന്നതിനായി 3,479 കിണറുകൾ ക്ലോറിനേഷനും 939 കുടിവെള്ള സ്രോതസുകൾ സൂപ്പർ ക്ലോറിനേഷനും നടത്തി. 172 സാമ്പിളുകൾ ക്ലോറോസ്കോപ്പ് ഉപയോഗിച്ച് പരിശോധിക്കുകയും 55 സാമ്പിളുകൾ ലാബ് പരിശോധനക്ക് വിധേയമാക്കുകയും ചെയ്തു.

കുട്ടികളുടെ ആരോഗ്യ സുരക്ഷക്കായി 164 അങ്കണവാടികളിലും 100 സ്കൂളുകളിലും പ്രത്യേക സന്ദർശനം നടത്തി. ഡെങ്കിപ്പനി പ്രതിരോധത്തിന്റെ ഭാഗമായി 13,033 ഉറവിട നശീകരണ പ്രവർത്തനങ്ങൾ നടത്തി. എലിപ്പനി പ്രതിരോധത്തിനായുള്ള ഡോക്സിസൈക്ലിൻ പ്രതിരോധ ഗുളിക 851 പേർക്ക് നൽകുകയും വയറിളക്ക രോഗപ്രതിരോധത്തിനായി 779 ഒ.ആർ.എസ് പായ്ക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു.

ബോധവൽകരണ പരിപാടികളുടെ ഭാഗമായി ഒമ്പത് പഞ്ചായത്ത് തല റാപ്പിഡ് റെസ്പോൺസ് ടീം യോഗങ്ങൾ, 204 ആരോഗ്യ വിദ്യാഭ്യാസ ക്ലാസുകൾ, 2,166 ബോധവത്കരണ നോട്ടീസ് വിതരണം എന്നിവ നടത്തി. 86 വ്യാപാര സ്ഥാപനങ്ങളിൽ നടത്തിയ പരിശോധനയിൽ നിയമലംഘനം കണ്ടെത്തിയ 17 സ്ഥാപനങ്ങൾക്ക് പൊതുജനാരോഗ്യ നിയമപ്രകാരം നോട്ടീസ് നൽകി. അതിഥി തൊഴിലാളികളുടെ 33 വാസസ്ഥലങ്ങൾ സന്ദർശിക്കുകയും 287 അതിഥി തൊഴിലാളികൾക്ക് പകർച്ചവ്യാധി പരിശോധനകൾ നടത്തുകയും ചെയ്തതായും ആരോഗ്യവകുപ്പ്.

അന്താരാഷ്ട്ര യോഗ ദിനാചരണം

ബാലുശ്ശേരി: പന്ത്രണ്ടാമത് അന്താരാഷ്ട്ര യോഗ ദിനാചരണത്തിന്റെ ഭാഗമായി ഗവൺമെന്റ് ആയുർവേദ ആശുപത്രി ബാലുശ്ശേരിയും എ.എം.എ.ഐ ബാലുശ്ശേരിയും ചേർന്ന് യോഗ അവബോധ ക്ലാസും യോഗ പ്രദർശനവും സംഘടിപ്പിച്ചു.

ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ നടന്ന പരിപാടി ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർ യു.കെ. സിറാജ് ഉദ്ഘാടനം ചെയ്തു. ആശുപത്രി മെഡിക്കൽ ഓഫീസർ ഡോ. ജീവലത അധ്യക്ഷത വഹിച്ചു.

എൻ.എച്ച്.എം മെഡിക്കൽ ഓഫീസർ ഡോ. സിമി യോഗയുടെ ആരോഗ്യഗുണങ്ങളെക്കുറിച്ച് ക്ലാസ് നയിച്ചു. ബാലുശ്ശേരി ഹെൽത്ത് ആൻഡ് വെൽനെസ് യോഗ ക്ലിനിക്കിന്റെ സ്ഥാപകനും യോഗാചാര്യനുമായ സാബു യോഗ പ്രദർശനത്തിന് നേതൃത്വം നൽകി. ഡോ. അനന്യ യോഗ പരിശീലനത്തിൽ പങ്കാളിയായി.

ഡോ. റോഷ്ന സുരേഷ് ആശംസകൾ നേർന്നു. പരിപാടിയിൽ 54 പേർ പങ്കെടുത്തു. എൻ.എ.എം മെഡിക്കൽ ഓഫീസർ ഡോ. പ്രീതി നന്ദി രേഖപ്പെടുത്തി.

കനറാ ബാങ്ക് केनरा बैंक Canara Bank
A Government of India Undertaking
Syndicate

റീജിയണൽ ഓഫീസ് – കോഴിക്കോട്
Ph: 0495 2702210, 8281004855

കൈവശ നോട്ടീസ് സെക്ഷൻ 13(4) (സ്ഥാവര വസ്തുക്കളെ സംബന്ധിച്ച്)

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 (Act 54 of 2002) സെക്ഷൻ 13 (12) പ്രകാരവും സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾ 2002 ചട്ടം 3 പ്രകാരവും കനറാ ബാങ്ക് നിയമാനുസരണമുള്ള ഔദ്യോഗിക അധികാരമുപയോഗിച്ച് ടി ബാങ്കിന് വേണ്ടി താഴെ ഒപ്പിട്ടിരിക്കുന്ന ഔദ്യോഗിക അധികാരി അയച്ച നോട്ടീസ് പ്രകാരം ബാങ്ക് വായ്പ എടുത്ത വായ്പക്കാർക്ക് കുടിശ്ശിക സംഖ്യയും അതിൻമേലുള്ള പലിശയും മറ്റ് ചാർജുകളും സഹിതം നോട്ടീസ് കൈപറ്റി 60 ദിവസത്തിനകം ബാങ്കിൽ അടയ്ക്കാൻ ആവശ്യപ്പെട്ടിട്ടുള്ളതും, എന്നാൽ വായ്പ എടുത്തവർ വായ്പാ കുടിശ്ശികയും തുടർന്നുള്ള പലിശയും നോട്ടീസിൽ പ്രതിപാദിച്ച സമയത്തിനുള്ളിൽ ബാങ്കിൽ അടയ്ക്കാതെ വീഴ്ച വരുത്തിച്ചിട്ടുള്ളതുകൊണ്ട് ടി ആക്ടിലെ വകുപ്പ് 13(4) ചട്ടം 8 & 9 പ്രകാരം താഴെ വിവരിക്കുന്ന സ്ഥാവര വസ്തുക്കൾ ടി ബാങ്ക് കൈവശം എടുത്ത വിവരം ടി വായ്പക്കാരേയും ജാമ്യക്കാരേയും പൊതുജനങ്ങളേയും തെര്യപ്പെടുത്തുന്നു.

ക്രമ നം.	വായ്പക്കാർ/ജാമ്യക്കാരുടെ പേരും മേൽവിലാസവും	ഡിമാന്റ് നോട്ടീസ് തീയതിയിലെ തുക	ഇപ്പോഴത്തെ കുടിശ്ശിക തുക	സ്ഥാവര വസ്തുക്കളുടെ പൂർണ്ണ വിവരണം
1.	1. ശ്രീമതി ഗീത W/o ബാലൻ, 2. ശ്രീമതി ബിന്ദു, D/o ബാലൻ, 3. ബിജു, S/o. ബാലൻ, എല്ലാവരുടെയും വിലാസം: മാണിക്യംതാഴെ, മൊട്ടേമ്മൽ ഹൗസ്, കതലതിൽ, മുട്ടുങ്ങൽ വെസ്റ്റ്, വടകര, കോഴിക്കോട് - 673106	രൂപ 8,83,172.38 (എട്ട് ലക്ഷത്തി എൺപത്തി മൂവായിരത്തി ഒരുന്നൂറ്റി എഴുപത്തി രണ്ട് രൂപ മുപ്പത്തി എട്ട് പൈസ)	18.06.2026 ലെ രൂപ 9,35,609.12 (ഒൻപത് ലക്ഷത്തി മുപ്പത്തി അയ്യായിരത്തി അറുന്നൂറ്റി ഒൻപത് രൂപ പന്ത്രണ്ട് പൈസ) യും പലിശയും	കോഴിക്കോട് ജില്ലയിൽ, വടകര താലൂക്കിൽ, ചോറോട് വില്ലേജിൽ, മുട്ടുങ്ങൽ അംശം & ദേശത്ത് റീ സർവേ നം. 8/10 (നിലവിൽ റീ സർവ്വേ നം. 8/10), പഴയ സർവേ നം.7/2Pt ൽ പെട്ട ശ്രീമതി. ഗീത, ശ്രീമതി. ബിന്ദു & ശ്രീ. ബിജു എന്നിവരുടെ പേരിലുള്ള 3.04 ആർസ് സ്ഥലവും കെട്ടിടവും അതിലുള്ള സകലവിധ അവകാശങ്ങളും കൂടിയാകുന്നു. **അതിരുകൾ ആധാര പ്രകാരം: കിഴക്ക്:** വസന്ത, ശ്രീധരൻ ഇവർക്ക് ഭാഗിച്ച സ്വത്തുക്കൾ; **തെക്ക്:** ഷീബ മുതൽ പേർക്ക് ഭാഗിച്ച സ്വത്ത്; **പടിഞ്ഞാറ്:** പഞ്ചായത്ത് റോഡ്; **വടക്ക്:** ശ്രീധരന് ഭാഗിച്ച സ്വത്ത്. **അതിരുകൾ ലൊക്കേഷൻ സർട്ടിഫിക്കറ്റ് പ്രകാരം: കിഴക്ക്:** വസന്ത, ശ്രീധരൻ കൈവശം സ്ഥലങ്ങൾ; **തെക്ക്:** ഷീബ മുതൽ പേർ കൈവശം, റോഡ്; **പടിഞ്ഞാറ്:** പഞ്ചായത്ത് റോഡ്; **വടക്ക്:** ശ്രീധരന് കൈവശം.	
	ഓർക്കാട്ടേരി II ശാഖ	ഡിമാന്റ് നോട്ടീസ് തീയതി: 20.02.2026	കൈവശമെടുത്ത തീയതി: 19.06.2026	
2.	1. ശ്രീ. പ്രസാദ് സി എം, പവിഴം പുതിയപുരയിൽ, ചെറിയമങ്ങാട്, കോഴിക്കോട്, കേരളം - 673305, 2. ശ്രീമതി സോണിയ ആർ, W/o പ്രസാദ്, ഹോട്ടൽ വളപ്പ്, ബേക്കൽ, പള്ളിക്കര II, ബേക്കൽ, ഹൊസ്ദുർഗ്, കാസർഗോഡ് - 671318	രൂപ 5,61,767.89 (അഞ്ച് ലക്ഷത്തി അറുപത്തി ഒന്നായിരത്തി എഴുന്നൂറ്റി അറുപത്തി ഏഴ് രൂപ എൺപത്തി ഒൻപത് പൈസ)	20.06.2026 ലെ രൂപ 5,90,763.89 (അഞ്ച് ലക്ഷത്തി തൊണ്ണൂറായിരത്തി എഴുന്നൂറ്റി അറുപത്തി മൂന്ന് രൂപ എൺപത്തി ഒൻപത് പൈസ) യും പലിശയും	കോഴിക്കോട് ജില്ലയിൽ, കൊയിലാണ്ടി ഉപജില്ലയിൽ, കൊയിലാണ്ടി താലൂക്കിൽ, പന്തലായിനി വില്ലേജിൽ, കോവിൽകണ്ടി ദേശം, സർവേ നം.26/130, പുതിയ റീ സർവേ നം. 26/133 ൽ പെട്ട ശ്രീ.പ്രസാദിന്റെ പേരിലുള്ള 0.80 ആർസ് സ്ഥലവും അതിലിരിപ് താമസയോഗ്യമായ കെട്ടിടവും അതിലുള്ള സകലവിധ അവകാശങ്ങളും കൂടിയാകുന്നു. **ആധാര പ്രകാരം അതിരുകൾ : കിഴക്ക്:** തന്നിൽ ശേഷം ഇതിലെ 1-ാം നമ്പർ; **തെക്ക്:** തന്നിൽ ശേഷം ഇതിലെ 3-ാം നമ്പർ; **പടിഞ്ഞാറ്:** മുനിസിപ്പാലിറ്റി നിരത്ത്; **വടക്ക്:** അന്യകൈവശം സ്ഥലം. **ലൊക്കേഷൻ സ്കെച്ച് പ്രകാരം അതിരുകൾ: കിഴക്ക്:** ജയചന്ദ്രൻ കൈവശം; **തെക്ക്:** സന്തോഷ് കൈവശം; **പടിഞ്ഞാറ്:** ക്ഷേത്രം റോഡ്; **വടക്ക്:** ജയൻ കൈവശം.	
	കൊയിലാണ്ടി ശാഖ	ഡിമാന്റ് നോട്ടീസ് തീയതി: 29.01.2026	കൈവശമെടുത്ത തീയതി: 22.06.2026	

വായ്പക്കാരോ /ജാമ്യക്കാരോ/പണയക്കാരോ മറ്റ് ആരെങ്കിലുമോ ബാങ്കിന്റെ രേഖാമൂലമുള്ള അനുമതി കൂടാതെ നടത്തുന്ന ഏത് നടപടികളും കരണങ്ങളും അസാധുവായിരിക്കുമെന്നും, ടി വസ്തുവിനെ സംബന്ധിച്ച് ഏത് ഇടപാടുകൾക്കും വായ്പക്കാരിൽ നിന്നും ഈടാക്കാനുള്ള കുടിശിക തുകയും പലിശയും മറ്റ് ചിലവുകളും **കനറാ ബാങ്കിന്റെ** പ്രഥമ ചാർജായി നിലനിൽക്കുന്നതും ബാധകവുമാണെന്നും വായ്പക്കാരെ/ജാമ്യക്കാരെ/പണയക്കാരെ വിശേഷിച്ചും പൊതുജനങ്ങളെ പൊതുവായും ഇതിനടിയിൽ ഒപ്പിട്ടിരിക്കുന്ന ടി ബാങ്കിന്റെ അധികാരി എന്ന നിലയിൽ തെര്യപ്പെടുത്തുന്നു. ടി ബാദ്ധ്യതയിൽ നിന്നും സെക്യൂർഡ് അസറ്റ്സ് ഒഴിഷിച്ചെടുക്കുന്നതിനുള്ള കാലാവധിയെ സംബന്ധിച്ച് സർഫേസി നിയമത്തിന്റെ വകുപ്പ് 13(8) ൽ നിഷ്കർഷിച്ചിട്ടുള്ള വസ്തുതകളിലേയ്ക്ക് കൂടി കടക്കാരുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

തീയതി : 22-06-2026, സ്ഥലം: കോഴിക്കോട് (ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, കനറാ ബാങ്ക്

അപേക്ഷകൾ ക്ഷണിച്ചു

മുക്കം: മുക്കം നഗരസഭയിലെ 28, 29 ഡിവിഷനുകളിൽ ആശാവർക്കർമാരുടെ ഒഴിവുകളിലേക്ക് യോഗ്യരായ വനിതകളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. ഡിവിഷൻ 29ൽ ആശാ വർക്കറുടെ അവധി ഒഴിവിലേക്കും, ഡിവിഷൻ 28ൽ നിലവിലുള്ള സ്ഥിരം ഒഴിവിലേക്കുമാണ് നിയമനം നടത്തുന്നത്. എസ്.എസ്.എൽ.സി. പാസായിരിക്കണം. 25 വയസിനും 45 വയസിനും ഇടയിൽ പ്രായമുള്ളവരായിരിക്കണം.

അപേക്ഷകർ മുക്കം നഗരസഭയിലെ സ്ഥിരതാമസക്കാരായ വനിതകളായിരിക്കണം. കൂടാതെ വിവാഹിതരോ, വിധവകളോ, നിയമപരമായി വിവാഹമോചനം നേടിയവരോ ആയിരിക്കണം. താൽപര്യമുള്ള യോഗ്യരായ ഉദ്യോഗാർഥികൾ വിദ്യാഭ്യാസ യോഗ്യത, പ്രായം, മേൽവിലാസം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം ജൂലൈ രണ്ടാം തീയതിക്കു മുമ്പായി മുക്കം സി.എച്ച്.സി മെഡിക്കൽ ഓഫീസർ മുമ്പാകെ അപേക്ഷിക്കേണ്ടതാണ്.

● ഓപ്പറേഷൻ തൂഫാൻ കൂട്ടയോട്ടം താമരശ്ശേരി ഡി.വൈ.എസ്.പി. കെ. വിനോദ് കുമാർ ഫ്ളാഗ് ഓഫ് ചെയ്യുന്നു.

ഓപ്പറേഷൻ തൂഫാൻ: കൂട്ടയോട്ടം സംഘടിപ്പിച്ചു

മുക്കം: കേരളാ പോലീസ് ലഹരിക്കെതിരെ നടപ്പാക്കുന്ന ഓപ്പറേഷൻ തൂഫാന്റെ പ്രചാരണാർഥം മുക്കം പോലീസ് കൂട്ടയോട്ടവും ബോധവത്കരണ ക്ളാസും സംഘടിപ്പിച്ചു കൂട്ടയോട്ടം താമരശ്ശേരി ഡി.വൈ.എസ്.പി കെ. വിനോദ് കുമാർ ഫ്ളാഗ്ഓഫ് ചെയ്തു.

മുക്കം അഗസ്ത്യമുഴി മിനി സിവിൽ സ്റ്റേഷൻ പരിസരത്തു നിന്നും ആരംഭിച്ച കൂട്ടയോട്ടം മുക്കം മിനി പാർക്കിൽ സമാപിച്ചു. കൂട്ടയോട്ടത്തിൽ എസ്.പി.സി കേഡറ്റ്സ്, സന്നദ്ധ പ്രവർത്തകർ, നാട്ടുകാർ, പോലീസ് ഉദ്യോഗസ്ഥർ, വ്യാപാരികൾ എന്നിവർ പങ്കെടുത്തു.

പോലീസ് ഓഫീസറും മോട്ടിവേറ്ററുമായ രങ്കീഷ് കടവത്ത് ബോധവത്കരണ ക്ലാസ് എടുത്തു. മുക്കം സ്റ്റേഷൻ ഓഫീസർ നിബിൻ ജോയ് അധ്യക്ഷത വഹിച്ചു.

ചടങ്ങി മുക്കം നഗരസഭാ കൗൺസിലർമാരായ ശരീഫ് വെണ്ണക്കോട്, അനീഫാ തെച്യാട്, റിനീഷ് നീലാംബരി എന്നിവർ പങ്കെടുത്തു.

മുക്കം വ്യാപാരി വ്യവസായി പ്രസിഡന്റ് അലി അക്ബർ എസ്.സി.പി.സി സി.പി.ഒമാരായ ബിനോയ്, ജോഷി, ബിജു, സി.പി.ഒമാരായ അനൂപ്, രാജേഷ്, അഖിൽ ലാൽ എസ്.പി.സി സി.പി.ഒമാരായ, ഇസ്ഹാഖ്, അർഷൽ പി., അബ്ദുന്നാസർ ടി., കെ.എച്ച്. ജി. ശിവശങ്കരൻ എന്നിവർ പങ്കെടുത്തു.

വിമുക്തി കേഡറ്റ് ടീം കുറുവന്തേരി യു.പി. സ്കൂളിൽ രൂപീകരിച്ചു

വളയം: കുറുവന്തേരി യു.പി. സ്കൂളിൽ വിമുക്തി കേഡറ്റ് പദ്ധതിക്ക് തുടക്കമായി. നാദാപുരം എക്സൈസ് ഓഫീസർ സിനീഷ് ഉദ്ഘാടനം നിർവഹിച്ചു. ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ പ്രാധാന്യവും വിദ്യാർഥികളുടെ പങ്കും അദ്ദേഹം വിശദീകരിച്ചു.

44 വിദ്യാർഥികൾ ഉൾപ്പെടുന്ന വിമുക്തി കേഡറ്റ് ടീമാണ് സ്കൂളിൽ രൂപീകരിച്ചത്. പദ്ധതിയുടെ ഭാഗമായി കേഡറ്റുകൾക്ക് യൂണിഫോമും ഒരുക്കിയിട്ടുണ്ട്. കോർഡിനേറ്റർ സി.കെ അബ്ദുൾ റഹീം സ്വാഗതം പറഞ്ഞു. ലഹരി വിമുക്ത സമൂഹത്തെ സൃഷ്ടിക്കാനുള്ള മാതൃകാപരമായ ചുവട് വെപ്പാണ് വിമുക്തി ടീം രൂപീകരണത്തിലൂടെ സ്കൂളിന് സാധ്യമായതെന്ന് അദ്ദേഹം പറഞ്ഞു. പ്രധാനാധ്യാപിക ടി.വി.കെ സുരേഖ അധ്യക്ഷത വഹിച്ചു, ആർ.ടി. അതുൽ, കെ.കെ ശ്രീന, എ.പി റോസ്ന എന്നിവർ സംസാരിച്ചു.

● കുറുവന്തേരി യു.പി സ്കൂളിൽ വിമുക്തി കേഡറ്റ് പദ്ധതി നാദാപുരം എക്സൈസ് ഒഫീസർ സിനീഷ് ഉദ്ഘാടനം ചെയ്യുന്നു.

പകർച്ചവ്യാധി പ്രതിരോധം; തിരുവമ്പാടിയിൽ ജനകീയ കൺവെൻഷൻ

തിരുവമ്പാടി: തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെയും കുടുംബാരോഗ്യ കേന്ദ്രത്തിന്റെയും ആഭിമുഖ്യത്തിൽ പകർച്ചവ്യാധികൾക്കെതിരെ ജനകീയ കൺവെൻഷൻ നടത്തി. മലയോര മേഖലയിൽ ഷിഗെല്ല, ഡെങ്കിപ്പനി, മഞ്ഞപ്പിത്തം എന്നീ പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത പ്രത്യേക സാഹചര്യത്തിലാണ് ജനകീയ കൺവെൻഷൻ നടത്തിയത്.

തിരുവമ്പാടി ഫെറോന ചർച്ച് പാരിഷ് ഹാളിൽ വച്ച് നടന്ന കൺവെൻഷൻ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ജിതിൻ പല്ലാട്ട് ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡണ്ട് പി ആർ അജിത അധ്യക്ഷയായി, കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. കെ.വി. പ്രിയ പകർച്ചവ്യാധികളും പ്രതിരോധ മാർഗങ്ങളും എന്ന വിഷയത്തിൽ ബോധവൽക്കരണ ക്ലാസ് എടുത്തു. ഹെൽത്ത് ഇൻസ്പെക്ടർ എം സുനീർ പകർച്ചവ്യാധി പ്രതിരോധ രൂപരേഖ അവതരിപ്പിച്ചു. ചടങ്ങിൽ ഗ്രാമപഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷന്മാരായ ബിന്ദു ജോൺസൺ, പി എ ഫിറോസ്ഖാൻ, വാർഡ് മെമ്പർമാരായ മറിയാമ്മ ബാബു, കെ ബി റിനി,ജനപ്രതിനിധികൾ, കുടുംബശ്രീ സിഡിഎസ് ചെയർപേഴ്സൺ റംല ചോലക്കൽ, വി. എം. മിനി, രതി ടീച്ചർ എന്നിവർ സംസാരിച്ചു. കുടുംബശ്രീ അയൽക്കൂട്ടം ഭാരവാഹികൾ, ആശ പ്രവർത്തകർ അംഗനവാടി ടീച്ചർമാർ, തുടങ്ങിയവർ കൺവൻഷനിൽ പങ്കെടുത്തു.

● പകർച്ചവ്യാധികൾക്കെതിരെ നടത്തിയ ജനകീയ കൺവെൻഷനിൽ നിന്ന്.

പരിശോധന നടത്തി

വാണിമേൽ: ഭക്ഷ്യവിതരണ സ്ഥാപനങ്ങളിൽ ആരോഗ്യ വകുപ്പ് പരിശോധന നടത്തി. ഷിഗെല്ല അടക്കമുള്ള പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ ഭൂമിവാതുക്കൽ ടൗണിലെ തട്ടുകടകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലാണ് ഇന്നലെ പരിശോധന നടത്തിയത്. കാലാവധി കഴിഞ്ഞ പാൽ, ചീഞ്ഞഴുകിയ പഴങ്ങൾ ഉൾപ്പെടെയുള്ളവ പിടിച്ചെടുത്ത് നശിപ്പിച്ചു.

5000 രൂപ പിഴ ചുമത്തുകയും മൂന്ന് കടകൾ താത്കാലികമായി അടപ്പിക്കുകയും ചെയ്തു. വരും ദിവസങ്ങളിലും പരിശോധന കർശനമാക്കുമെന്നും ആവശ്യമായ രേഖകൾ ഇല്ലാതെ കടകൾ പ്രവർത്തിക്കാനനുവദിക്കുകയില്ലെന്നും മെഡിക്കൽ ഓഫീസർ ഡോ. സഫർ ഇഖ്ബാൽ അറിയിച്ചു. പരിശോധനയ്ക്ക് അസിസ്റ്റന്റ് സെക്രട്ടറി ഗിരീശൻ സി, ഹെൽത്ത് ഇൻസ്പെക്ടർ റഫീഖ് അലി, പഞ്ചായത്ത് ഹെൽത്ത് ഇൻസ്പെക്ടർ വിബിൻലാൽ ബി. എസ്, സ്റ്റാഫ് ഷെറിൻ ടി. എന്നിവർ പങ്കെടുത്തു.

ഉത്സവം സമാപിച്ചു

കുറ്റ്യാടി: കക്കട്ടിൽ കുളങ്ങരത്ത് കുട്ടിച്ചാത്തൻ ക്ഷേത്രം പുനഃപ്രതിഷ്ഠാ ബ്രഹ്മകലശ ഉത്സവം സമാപിച്ചു. ദേവ പ്രതിഷ്ഠാ തന്ത്രി തരണ നല്ലൂർ പത്മനാഭൻ ഉണ്ണി നമ്പൂതിപ്പാട് നിർവ്വഹിച്ചു. തുടർന്ന് കലശാഭിഷേകം, ഉച്ച പൂജ എന്നീ ചടങ്ങുകൾ നടന്നു.

സൈറ്റിൽ ജോലി ചെയ്യാതെ തൊഴിലാളികൾ വീട്ടിൽ പോയ സംഭവം: കുറ്റക്കാർക്കെതിരെ നടപടി വേണം- യു.ഡി.എഫ്.

പേരാമ്പ്ര: നൊച്ചാട് ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് തൊഴിലാളികൾ സൈറ്റിൽ ജോലി ചെയ്യാതെ വീട്ടിൽ പോയ സംഭവത്തിന് കാരണക്കാരായവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതിയിലെ യു.ഡി.എഫ്. മെമ്പർമാർ വാർത്താ സമ്മേളനത്തിൽ ആവശ്യപ്പെട്ടു.

ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിൽ തൊഴിലുറപ്പ് പദ്ധതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയും തൊഴിൽ ദിനങ്ങൾ തിട്ടപ്പെടുത്തുകയും ചെയ്തതിനു ശേഷം പണി ആരംഭിച്ച് ജോലി ചെയ്ത തൊഴിലാളികളിൽ 60 ഓളം പേരുടെ ജോലിക്ക് കൂലി കിട്ടാതെ വന്നതിനെ കുറിച്ച് വ്യാപകമായ പരാതി വന്നതിനെതുടർന്ന് പുതിയ മസ്റ്ററോൾ തയ്യാറാക്കുകയും ജോലി ചെയ്യുന്നതിനു പകരം ഫോട്ടോ എടുത്ത് വീട്ടിൽ പോവാനും മറ്റ് സ്ഥലങ്ങളിലോ ബന്ധു വീടുകളോ സന്ദർശിക്കരുതെന്നും നിങ്ങൾക്ക് കഴിഞ്ഞ മസ്റ്ററോളു പ്രകാരമുള്ള പണം കിട്ടാനാണ് ഇങ്ങനെ ചെയ്തതെന്ന് പറയുകയും ചെയ്ത തൊഴിലാളികളെ പഞ്ചിച്ച ഉദ്യോഗസ്ഥരെ രക്ഷിക്കുന്ന പഞ്ചായത്ത് പ്രസിഡന്റ് നഗ്നമായ അഴിമതിക്ക് കുടപിടിക്കുകയാണെന്നും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും അംഗങ്ങൾ ആവശ്യപ്പെട്ടു.

ഇതാദ്യമായല്ല ഇത്തരത്തിലുള്ള ക്രമക്കേടുകളുണ്ടായത്. ഇതിനു മുന്പും ഇത്തരത്തിലുള്ള ക്രമക്കേടുകൾ നടന്നിട്ടും ഇതെല്ലാം കണ്ടില്ലെന്ന് നടിക്കാൻ ആവില്ലയെന്നും പഞ്ചായത്തിന് ഇതിൽ നിന്നും ഒഴിഞ്ഞുമാറാൻ കഴിയില്ലെന്നും മെമ്പർമാർ കൂട്ടി ചേർത്തു. നൊച്ചാട് ആയുർവേദ ആശുപത്രിയിൽ വൈദ്യുതി നിലച്ചതിനെ തുടർന്ന് രാത്രി രോഗികൾ വിളിച്ചതിനനുസരിച്ച് മെഴുകുതിരി എത്തിച്ച വാർഡ് മെമ്പർ റസ്ല സിറാജിനെതിരെ വ്യാജപരാതി എഴുതി വാങ്ങി പോലീസിൽ ഏൽപ്പിച്ച നടപടി അങ്ങേയറ്റം പ്രതിഷേധാർഹമാണെന്നും അംഗങ്ങൾ ചൂണ്ടിക്കാട്ടി. സി.കെ അജീഷ്, എസ്.കെ അസൈനാർ, ടി.പി നാസർ, സ്വപ്ന റനീഷ്, റസ്ലസിറാജ്, നസീറ എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

Chola Enter a better life

CHOLAMANDALAM INVESTMENT AND FINANCE COMPANY LIMITED
Corporate Office : Chola Crest, C54 & 55, Super B-4, Thiru Vi Ka Industrial Estate, Guindy, Chennai- 600 032, T. N.

ഇ-ലേല വിൽപ്പന അറിയിപ്പ് (വിൽപ്പന ഇ-ബിഡ്ഡിംഗ് വഴി മാത്രം)

SALE NOTICE OF IMMOVABLE SECURED ASSETS ISSUED UNDER RULE 8(6) AND 9(1) OF THE SECURITY INTEREST (ENFORCEMENT) RULES 2002.

പൊതുവിൽ പൊതുജനങ്ങൾക്കും പ്രത്യേകിച്ച് കോളം (എ) ൽ സൂചിപ്പിച്ചിരിക്കുന്ന വായ്പക്കാർക്കും ജാമ്യക്കാർക്കും ഇതിനാൽ നൽകുന്നഅറിയിപ്പ് എന്തെന്നാൽ, അംഗീകൃത വായ്പാദാതാവായ ഹൗസിംഗ് ഫോളങ്ങലം ഇൻവെസ്റ്റ്മെന്റ് ആൻഡ് ഫിനാൻസ് കമ്പനി ലിമിറ്റഡിന്റെ അംഗീകൃത ഓഫീസർ കോളം (ഡി) ൽ വിവരിച്ചിരിക്കുന്നതുപോലെ കൈവശം വച്ചിരിക്കുന്നതും താഴെ കോളം (സി) യിൽ വിവരിച്ചിരിക്കുന്നതുമായ സുരക്ഷിതആസ്തികൾ 'എവിടെയുണ്ടോ അതുപോലെ', 'എന്താണോ ഉള്ളത് പോലെ' എന്താണോ അതുപോലെ എന്ന അടിസ്ഥാനത്തിൽ വിൽക്കുന്നതായിരിക്കും. ഈ നോട്ടീസ് സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ റൂൾ 8(6) പ്രകാരം വായ്പക്കാർ/പണയക്കാർ/നിയമപരമായ അവകാശി/നിയമ പ്രതിനിധികൾ (അറിയപ്പെടുകയോ അറിയപ്പെടാതിരിക്കുകയോ ചെയ്യുന്ന), ചുമതലപ്പെടുത്തിയാൾ(കൾ), അവകിനിസ്റ്റേറ്റർ(കൾ), പിൻഗാമി(കൾ), ചുമതലക്കാരൻ (ർ) ബന്ധപ്പെട്ട വായ്പക്കാരന്റെ (രുടെ) /പണയക്ക